പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2602

19.12.2012ൽ മറുപടിയ്ക്ക്

## എ. സി. കനാൽ നിർമ്മാണം

ചോദ്യം : ശ്രീ. തോമസ് ചാണ്ടി

ഉത്തരം: ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള എ.സി.കനാൽ നിർമ്മാണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ; | (എ) എ. സി. കനാൽ റിപ്പുലീകരിച്ച് ജലനിർഗമനം സുഗമമാക്കാൻ പ്രോസ്പിരിറ്റി കൗൺസിൽ തീരുമാനപ്രകാരം ഒരു വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തുകയും സമിതിയുടെ അഭിപ്രായം അനുസരിച്ച് എ. സി. കനാൽ നവീകരണം 3 ഘട്ടമായി ചെയ്യാമെന്നും തീരുമാനിച്ചു. വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി വരുന്നു.<br>ഘട്ടം -1 മനയ്ക്കച്ചിറ മുതൽ ഒന്നാംകര വരെയുള്ള ഭാഗം.<br>ഘട്ടം -2 ഒന്നാംകര മുതൽ നെടുമുടി വരെയുള്ള ഭാഗം.<br>ഘട്ടം -3 നെടുമുടി മുതൽ പള്ളാത്തുരുത്തി വരെയുള്ള ഭാഗം.<br>ഇതിൽ ഘട്ടം -1 ന്റെ പദ്ധതിയുടെ ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. ഒന്നും രണ്ടും ഘട്ടം പൂർത്തിയാക്കിയതിനു ശേഷം ആവശ്യമെങ്കിൽ മാത്രം മൂന്നാം ഘട്ടം ഏറ്റെടുത്താൽ മതിയെന്നും സമിതി തീരുമാനിച്ചിട്ടുണ്ട്. |
| (ബി) മനക്കൽ ചിറ മുതൽ ഒന്നാംകര വരെയുള്ള ഒന്നാംഘട്ട നിർമ്മാണത്തിന് എന്ന് ടെണ്ടർ ക്ഷണിക്കുമെന്ന് വിശദമാക്കുമോ ; | (ബി) പ്രസ്തുത നിർമ്മാണത്തിനുള്ള ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി 21.01.2013. |
| (സി) രണ്ടാം ഘട്ടത്തിൽപ്പെടുന്ന ഒന്നാം കര മുതൽ നെടുമുടി വരെയുള്ള ഭാഗത്തിന്റെ കയ്യേറ്റങ്ങൾ ഒഴിവാക്കുന്നതിനും താമസക്കാരെയും മറ്റും പുനരധിവസിപ്പിക്കുന്നതിനും ഡി.പി.ആർ. തയ്യാറാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | (സി) പ്രസ്തുത ഡി. പി. ആർ. തയ്യാറാക്കി വരുന്നു. കയ്യേറ്റങ്ങൾ ഒഴിവാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ